I/178719/2023

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം.**

(ഹാജർ:Geromic George IAS )

തീയതി:07-11-2023

വിഷയം: വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാൾ മഹോത്സവം പ്രമാണിച്ച് പ്രാദേശിക അവധി അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:

1. 04.10.2002 ലെ സ.ഉ. (എം.എസ്.) നമ്പർ 327/2002/പൊ.ഭ.വ. ഉത്തരവ്.
2. പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നുള്ള 16.10.2023 തീയതിയിലെ ഡി.സി.എൻ.1/156/23/പൊ.ഭ.വ നം. കത്ത്.
3. വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവലാലയം സെക്രട്ടറിയുടെ അപേക്ഷ.

വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാൾ മഹോത്സവം 17.11.2023 ന് കൊടിയേറി 26.11.2023 ന് സമാപിക്കുന്നതായി പരാമർശം(3) പ്രകാരം അറിയിച്ചിരിക്കുന്നു. പരാമർശം(1)ലെ സർക്കാർ ഉത്തരവിന്റെയും പരാമർശം(2) കത്തിന്റെയും അടിസ്ഥാനത്തിൽ പ്രാദേശിക അവധി അനുവദിക്കുന്നതിലേക്കായി മുൻകൂർ അനുമതി ലഭ്യമായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലാ കളക്ടർ ആയ ജെറോമിക് ജോർജ്ജ് ഐ.എ.എസ് എന്ന ഞാൻ, എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിലെ തിരുനാൾ മഹോത്സവം പ്രമാണിച്ച് തിരുവനന്തപുരം, നെയ്യാറ്റിൻകര താലൂക്കുകളിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, മുൻപ് നെയ്യാറ്റിൻകര താലൂക്കിൽ ഉൾപ്പെട്ടിരുന്നതും ഇപ്പോൾ കാട്ടാക്കട താലൂക്കിൽ ഉൾപ്പെട്ടുവരുന്നതുമായ അമ്പൂരി, വാഴിച്ചൽ, കള്ളിക്കാട്, ഒറ്റശേഖരമംഗലം, കീഴാറൂർ, കുളത്തുമ്മൽ, മാറനല്ലൂർ, മലയിൻകീഴ്, വിളവൂർക്കൽ, വിളപ്പിൽ എന്നീ വില്ലേജ് പരിധിയിൽ വരുന്ന സർക്കാർ ഓഫീസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കും **2023 നവംബർ 17 വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം** പ്രാദേശിക അവധി നൽകി ഉത്തരവാകുന്നു.

മുൻ നിശ്ചയിച്ച പ്രകാരമുള്ള പൊതു പരീക്ഷകൾക്ക് മാറ്റം ഉണ്ടായിരിക്കുന്നതല്ല .

**ജില്ലാ കളക്ടർ**

സ്വീകർത്താവ് :

1. സബ് കളക്ടർ, തിരുവനന്തപുരം
2. ആർ.ഡി.ഒ, നെടുമങ്ങാട്.
3. ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം (സിറ്റി/റൂറൽ)
4. തഹസിൽദാർ, തിരുവനന്തപുരം/ നെയ്യാറ്റിൻകര /കാട്ടാക്കട
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തിരുവനന്തപുരം (അച്ചടി -ദൃശ്യ - നവ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
7. സെക്രട്ടറി, വെട്ടുകാട് മാദ്രേ ദേ ദേവൂസ് ദേവാലയം

I/178719/2023

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ (ഏകോപനം) വകുപ്പ്
2. സ്പാർക്ക് പി.എം.യു, ഡിപിസി ബിൽഡിംഗ് (ഫസ്റ്റ് ഫ്ലോർ), കേരള യൂണിവേഴ്സിറ്റി സെനറ്റ് ക്യാമ്പസ്, പാളയം-695034
3. സി.എ - ജില്ലാ കളക്ടർ/എ.ഡി.എം.
4. കരുതൽ ഫയൽ

Signed by
Geromic George Ias
Date: 07-11-2023 09:09:54